മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്; ലഭിച്ച പരാതികളിന്മേൽ വേണ്ട നടപടി നടത്തിയിട്ടുണ്ട്.

പി. ഡബ്ലിയു. ഡി. ജോലികൾ.

* 1054. [54] ശ്രീ. കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. ഡബ്ലിയു. ഡി. സബ്ഡിവിഷൻ കമ്മിറ്റിയിൽ പാസാക്കുന്ന ജോലികൾ ചെയ്യുതീർക്കണമെന്നു പി. ഡബ്ലിയു. ഡി. ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ടോ;

(ബി) സബ്ഡിവിഷൻ കമ്മിറ്റികളിൽ പ്രയോറിട്ടി കൊടുത്തു പാസാക്കുന്ന തീരുമാനങ്ങൾ ഉദ്യോഗസ്ഥന്മാർ അവഗണിക്കുന്നുണ്ടോ;

(സി) 1954 ഒടുവിൽ തിരുവല്ലാ സബ്ഡിവിഷൻ കമ്മിറ്റി പ്രാധാന്യം കൊടുത്തു പാസാക്കിയ പല ജോലികളും ഇതുവരെ തുടങ്ങിയിട്ടുപോലുമില്ല എന്നു ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഇല്ല.

(ബി) അവഗണിക്കുക എന്ന പ്രശ്നം ഉദിക്കുന്നില്ല. കാരണം സബ്ഡിവിഷൻ കമ്മിറ്റികളുടെ തീരുമാനത്തിന്മേൽ അവസാനതീർച്ചകല്പിക്കാൻ അധികാരമുള്ള സെൻട്രൽ വർക്സ് കമ്മിറ്റിയുടെ അഭിപ്രായംകൂടി പരിഗണിച്ചുള്ള ഗവണ്മെൻറുത്തരവനുസരിച്ചാണ് ഉദ്യോഗസ്ഥന്മാർ നടപടി എടുക്കുന്നതു്.

(സി) ഇല്ല.

കശുഅണ്ടി ഫാക്ടറികൾ.

* 1055. [55] ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കശുഅണ്ടിഫാക്ടറികൾ പലതും അടച്ചുപൂട്ടിയതായും മറ്റു ഫാക്ടറികൾ പൂട്ടുവാൻ നോട്ടീസിട്ടിട്ടുള്ളതായും ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

തോട്ടണ്ടിയുടെ അഭാവംമൂലം സംസ്ഥാനത്തുള്ള ഏതാനും കശുഅണ്ടിഫാക്ടറികൾ പൂട്ടിയതായും ബാക്കിയുള്ളവ താമസിയാതെ പൂട്ടുന്നതിനുവേണ്ടി നോട്ടീസിട്ടതായും അറിയാം.

റീട്ടെയിൽ വ്യാപാരികൾക്കുള്ള റീഫണ്ട്.

* 1056. [57] ശ്രീ. പി. എം. മർക്കോസ്: താഴെ പറയുന്ന 3 ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വ്യാപാരികൾക്ക് സ്പെഷ്യൽ അരിയുടെ വില കൂപ്പുവിൽപ്പിച്ച ഇനത്തിൽ ഗവണ്മെൻറ് റീഫണ്ട് ചെയ്യാനുള്ള ശ്രമം

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടി ഇനത്തിൽ കോട്ടയം താലൂക്കിലുള്ള റേഷൻ റീട്ടെയിൽ വ്യാപാരികൾക്ക് കൊടുക്കുവാനുള്ള തുക എത്ര ;

(സി) ഹോൾസെയിൽ വ്യാപാരികൾക്ക് ടി ഇനത്തിൽ റീഫണ്ട് ചെയ്യേണ്ടതായി ഉണ്ടോ ;

(ഡി) റേഷൻ വ്യാപാരികൾക്ക് നൽകേണ്ടതായ പണം എത്രയും വേഗത്തിൽ റീഫണ്ട് ചെയ്യുവാൻവേണ്ട നടപടി ഗവണ്മെൻറ് സ്വീകരിക്കുവാൻ ദയവുണ്ടാകുമോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) രൂപ 27,529—2—6.

(ബി) രൂപ 3,435—12—2.

(സി) ഉണ്ട്. രൂപ 7,012—5—8 റീഫണ്ട് ചെയ്യേണ്ടതായുണ്ട്.

(ഡി) റേഷൻ വ്യാപാരികൾക്ക് നൽകേണ്ടതായ പണം എത്രയും വേഗത്തിൽ റീഫണ്ട് ചെയ്യുന്നതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

ഹൈസ്കൂൾ പണ്ഡിറ്റ് നിയമനം.

* 1057. [58] ശ്രീ. കെ. എസ്. കൃഷ്ണൻ ശാസ്ത്രി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈസ്കൂൾ പണ്ഡിറ്റായി മഹോപാദ്ധ്യായന്മാരെ നിയമിക്കുന്നതിന് പ്രത്യേകമായി എന്തു വ്യവസ്ഥയാണ് ഏർപ്പെടുത്തിയിരുന്നത് ;

(ബി) ഈ വ്യവസ്ഥ ഇപ്പോഴും നിലവിലുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണമെന്ത് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഹൈസ്കൂളുകളിൽ ഉണ്ടാകുന്ന മലയാളം, സംസ്കൃതപണ്ഡിറ്റുകളുടെ ഒഴിവുകളിൽ 50 ശതമാനം മഹോപാദ്ധ്യായന്മാർക്ക് റിസർവു ചെയ്തിരുന്നു.

(ബി) ഇല്ല.

(സി) പണ്ഡിറ്റുകളുടെ ശമ്പളം പരിഷ്കരിക്കുകയും പരീക്ഷായോഗ്യതകൾ നിർണ്ണയിക്കുകയും ചെയ്തപ്പോൾ പണ്ഡിറ്റ് നിയമനത്തിനാവശ്യമുള്ള പരീക്ഷായോഗ്യതകൾ സിദ്ധിച്ചിട്ടുള്ള എല്ലാവർക്കും ഉദ്യോഗലബ്ധിയിൽ ഒരുപോലെ സൗകര്യങ്ങൾ കിട്ടുന്നതിനുവേണ്ടി മേൽപറഞ്ഞ 50 ശതമാനം റിസർവുചെയ്യുന്ന ഏർപ്പാട് റദ്ദുചെയ്യുകയുണ്ടായി. എന്നാൽ പണ്ഡിറ്റായി നിയമനമുണ്ടാകുമ്പോൾ മഹോപാദ്ധ്യായന്മാർക്കുകൂടി നിയമനം കിട്ടുന്നതിനായി മൂന്നിലൊന്നുഭാഗം ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷൻ റിക്രൂട്ടുചെയ്യണമെന്നുള്ള വ്യവസ്ഥയുള്ളതും അങ്ങനെയുള്ള റിക്രൂട്ടമെൻറ് കിട്ടുന്നതിനു മഹോപാദ്ധ്യായന്മാർക്കുകൂടി അപേക്ഷ സമർപ്പിക്കാവുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly